# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5333** **02.07.2013- ൽ മറുപടിക്ക്**

### കല്ലിയൂർ ഹരിജൻ കൈത്തറി സഹകരണ സംഘം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ചിറ്റയം ഗോപകുമാർ** | | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) | തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഹരിജൻ കൈത്തറി സഹകരണ സംഘം റ്റി.520 രജിസ്റ്റർ ചെയ്ത സമയത്തെ സംഘത്തിലെ അംഗങ്ങൾ, ഭരണഘടന, പ്രവർത്തനം ഇവയെ സംബന്ധിച്ച് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഹരിജൻ കൈത്തറി സഹകരണ സംഘം റ്റി.520 രജിസ്റ്റർ ചെയ്ത സമയത്ത് 29 അംഗങ്ങൾ ഉണ്ടായിരുന്നു. സംഘത്തിന്റെ ഭരണവും പ്രവർത്തനവും അംഗീകൃത ബൈലാ പ്രകാരമാണ് നടന്നു വരുന്നത്. |
| (ബി) | പ്രസ്തുത സംഘത്തിന്റെ നിലവിലുള്ള അംഗങ്ങളുടെയും, ഭേദഗതി ചെയ്ത ഭരണഘടനയുടെയും വിവരങ്ങൾ വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത സംഘം ബൈലോ ഭേദഗതിയിലൂടെ ജനറൽ സംഘമാക്കുകയും വിനോബാസ്മാരക കൈത്തറി നെയ്ത്ത് വ്യവസായ (ഉല്പാദക-വിക്രയ) സഹകരണ സംഘം ക്ലിപ്തം നം.എച്ച്(റ്റി)520 എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ 170 അംഗങ്ങൾ ഉണ്ട്. ഭേദഗതി ചെയ്ത ബൈലാപകർപ്പ് അനുബന്ധം-I-ൽ കാണാവുന്നതാണ് |
| (സി) | 19.11.2012-ന് തിരുവനന്തപുരം ജില്ലാ കൈത്തറി സഹകരണസംഘം അസോസിയേഷൻ ഭാരവാഹികൾ കൈത്തറി ഡയറക്ടർക്ക് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (സി) & (ഡി) | 1) ടി പരാതി ലഭിച്ച മുറക്ക് കല്ലിയൂർ ഹരിജൻ കൈത്തറി സഹകരണ സംഘം റ്റി.520/വിനോബാ സ്മാരക കൈത്തറി സഹകരണ സംഘം റ്റി 520 ന്റെ രജിസ്ട്രാർ ആയ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് വേണ്ട അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യുന്നതിനായി പരാതി കൈത്തറി ടെക്സ്റ്റൈൽ ഡയറക്ടർ അയച്ചു കൊടുത്തു. ആയതിന്റെ മറുപടി ലഭ്യമാകുന്നതിനു മുമ്പായി പരാതിക്കാർ ഈ വിഷയത്തിൽ ഹൈക്കോടതിയിൽ നൽകിയ റിട്ട് പെറ്റിഷൻ നം.2697/13 ലെ വിധി പ്രകാരം കൈത്തറി |
| (ഡി) | 29.01.2013-ന് W.P.(C) നമ്പർ 2697 ആയി ബഹു.ഹൈക്കോടതി വിധിയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | | |

| | |
|---|---|
| | വികസന വകുപ്പ് ഡയറക്ടർ പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയതിനാൽ അന്വേഷണ നടപടികളുടെ ഭാഗമായി 16/5/13, 17/5/13 തീയതികളിൽ പരാതിക്കാരനേയും, വിനോബാ സ്മാരക കൈത്തറി സഹകരണ സംഘം സെക്രട്ടറി, പെരിങ്ങമ്മല കൈത്തറി സഹകരണ സംഘം സെക്രട്ടറി, ഹാൻടെക്സ് പ്രസിഡന്റ് ശ്രീ.പെരിങ്ങമ്മല വിജയൻ, തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ എന്നിവരേയും കൈത്തറി ടെക്സ്റ്റൈൽ ഡയറക്ടർ നേരിൽ കേൾക്കുകയും സംഘം സെക്രട്ടറിമാർ ഹാജരാക്കിയ സംഘം റിക്കാർഡുകൾ പരിശോധിക്കുകയും ചെയ്തു. ആരോപണ വിധേയമായിരിക്കുന്ന വിഷയങ്ങളിൽ അന്തിമ തീരുമാനം എടുക്കുന്നതിന് ഇരു സഹകരണ സംഘങ്ങളിലും ഒരിക്കൽ കൂടെ ഇൻസ്പെക്ഷൻ നടത്തുന്നതിന് നടപടികളെടുത്തു വരുന്നു.<br><br>2) ടി പരാതിയിന്മേൽ അധിക കാലതാമസം കൂടാതെ തീർപ്പുണ്ടാകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3)ഡബ്ല്യു.പി. (സി) 2697/13-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് കിട്ടി 2 മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പരാതിക്കാരെയും സംഘം പ്രതിനിധികളേയും ഹാന്റക്സ് പ്രസിഡന്റിനേയും വിളിച്ചു വരുത്തി അവരുടെ അഭിപ്രായം ആരായുകയും സംഘങ്ങൾ പരിശോധിക്കുകയും ചെയ്യാനുള്ളതു കൊണ്ട് 2 മാസത്തേയ്ക്കു കൂടി extension ചോദിക്കുകയും അത് ബഹുമാനപ്പെട്ട ഹൈക്കോടതി അനുവദിക്കുകയുംചെയ്തു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്